STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2348581, 2342950, 2342271, 2342369 Fax: 0471 2344841, email : ksos8581@gmail.com

No. DCA/1111/17/SCOLE-Kerala Date:23.05.2017

## ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ളിക്കേഷൻ പരീക്ഷ മെയ് /ജൂൺ-2017

### പരീക്ഷ നടത്തിപ്പിനായി മുൻകൂർ അനുവദിച്ച തുക ചെലവഴിക്കുന്നതിനും കണക്ക് തീർപ്പാക്കുന്നതിനുമുള്ള- മർഗ്ഗനിർദ്ദേശങ്ങൾ

1 പരീക്ഷ നോട്ടിഫിക്കേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രതിഫല നിരക്ക് (പേജ് നം. 21) പ്രകാരം താങ്കളുടെ കേന്ദ്രത്തിന് പരമാവധി അനുവദിക്കാവുന്ന തുകയാണ് മുൻകൂർ ആയി അനുവദിച്ചിട്ടുള്ളത്. ഇതിൽ നിന്നും നോട്ടിഫിക്കേഷനിലെ വ്യവസ്ഥകൾ പ്രകാരം അർഹമായ തുക മാത്രം ചെലവഴിക്കുകയും ബാക്കി തുക സ്കോൾ-കേരളയുടെ പേരിലുള്ള എസ്.ബി.ഐ പൂജപ്പുര ശാഖയിലെ **67296768975** എന്ന അക്കൗണ്ടിലേക്ക് ചെലാൻ വഴിയോ അല്ലെങ്കിൽ എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരളയുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന തരത്തിൽ ഡിമാന്റ് ഡ്രാഫ്റ്റായോ തുക തിരിച്ച് അടക്കേണ്ടതാണ്.

2 ചീഫ് സൂപ്രണ്ടിന് പ്രതിദിനം 425/- രൂപ നിരക്കിൽ പരമാവധി 7 ദിവസത്തെ പ്രതിഫലത്തിന് അർഹതയുണ്ട്.

3 ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടിന് പ്രതിദിനം 400/- രൂപ നിരക്കിൽ പരമാവധി 5 ദിവസത്തെ പ്രതിഫലത്തിന് അർഹതയുണ്ട്.

4 പ്രാക്റ്റിക്കൽ എക്സാം- എക്സ്റ്റേർണൽ എക്സാമിനർ -ന്റെ പ്രതിഫലം പ്രാക്റ്റിക്കലുള്ള നാല് പേപ്പറുകളെ രണ്ട് യൂണിറ്റുകളായി തിരിച്ച്, ഓരോ യൂണിറ്റിലെയും വിദ്യാർത്ഥി ഒന്നിന് 20/- രൂപ ക്രമത്തിലാണ് പ്രതിഫലം അനുവദിക്കേണ്ടത്.

5 പ്രാക്റ്റിക്കൽ എക്സാം- ഇന്റണൽ എക്സാമിനർ- ന്റെ പ്രതിഫലം, പ്രാക്റ്റിക്കലിന് ഹാജരാകുന്ന ആകെ വിദ്യാർത്ഥികളെ 12 പേർ ഉൾപ്പെടുന്ന ബാച്ചുകളായി തിരിച്ച് അതിൽ ബാച്ച് ഒന്നിന് 100/- രൂപ നിരക്കിലാണ് പ്രതിഫലം അനുവദിക്കേണ്ടത്.

6 പ്രാക്റ്റിക്കൽ എക്സാമിന് ഹാജരാകുന്ന ആകെ വിദ്യാർത്ഥികളെ 12 പേർ ഉൾപ്പെട്ട ബാച്ചുകളായി തിരിച്ച് ബാച്ച് ഒന്നിന് 50/- രൂപ നിരക്കിൽ പ്രിപ്പറേഷൻ ചാർജ്ജ് അനുവദിക്കും. ഈ തുക ചെലവഴിച്ചതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ് ഹാജരാക്കേണ്ടതാണ്.

7 ഇൻവിജിലേറ്ററിന് പ്രതിദിനം 375/- രൂപ നിരക്കിൽ പരമാവധി അഞ്ച് ദിവസത്തെ പ്രതിഫലത്തിന് അർഹതയുണ്ട്.

8 പ്രിൻസിപ്പാളിനെ സഹായിക്കുന്ന ക്ലർക്ക്/ലാബ് അസിസ്റ്റന്റിന് പ്രതിദിനം 200/- രൂപ നിരക്കിൽ പരമാവധി അഞ്ച് ദിവസത്തെ പ്രതിഫലത്തിന് അർഹതയുണ്ട്.

9 പരീക്ഷ സംബന്ധമായ ആവശ്യങ്ങൾക്കുള്ള സ്റ്റേഷണറി സാധനങ്ങൾക്ക് പരമാവധി 300/- രൂപ ചെലവഴിക്കാം. ഇക്കാര്യം ചെലവഴിച്ച തുകയുടെ ബില്ലിൽ ചീഫ് സൂപ്രണ്ട് സാക്ഷ്യപ്പെടുത്തിയിരിക്കണം.

10 പരീക്ഷാ സംബന്ധമായ ഫോട്ടോകോപ്പി ആവശ്യങ്ങൾക്കായി പരമാവധി 300/- രൂപ ചെലവഴിക്കാം. ഇക്കാര്യം ചെലവഴിച്ചതുകയുടെ ബില്ലിൽ ചീഫ് സൂപ്രണ്ട് സാക്ഷ്യപ്പെടുത്തിയിരിക്കണം.

11 പരീക്ഷ സംബന്ധമായ തപാൽ ചെലവുകൾക്ക് വേണ്ടി പരമാവധി 600/- രൂപ ചെലവഴിക്കാം. ഇക്കാര്യം ചെലവഴിച്ച തുകയുടെ ബില്ലിൽ ചീഫ് സൂപ്രണ്ട് സാക്ഷ്യപ്പെടുത്തിയിരിക്കണം.ോ

12 ഫാറം നം. VIII - പ്രാക്റ്റിക്കൽ പ്രീക്ഷയ്ക്കും ഫാറം നം. IX തിയറി പരീക്ഷയ്ക്കും ഹാജരായിട്ടുള്ള വിദ്യാർത്ഥികളുടെ ഹാജർ വിവരങ്ങൾ രേഖപ്പെടുത്താൻ ഏർപ്പെടുത്തിയിട്ടുള്ളവയാണ്.

13 നോട്ടിഫിക്കേഷനിൽ നിഷ്കർഷിച്ചിട്ടുള്ള ആവശ്യങ്ങൾക്കും നിരക്കുകളിലും മാത്രമെ തുക ചെലവഴിക്കാൻ പാടുള്ളു. ഇക്കാര്യം ചീഫ് സൂപ്രണ്ട് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

14 മുൻകൂർ അനുവദിച്ച തുകയുടെ കണക്ക് തീർപ്പാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള ഫാറം നം. I മുതൽ IX വരെയുള്ളതിൽ ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി, പരീക്ഷ കഴിഞ്ഞ് ഒരാഴ്ചയ്ക്കുള്ളിൽ എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരള, വിദ്യാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം- 695012 എന്ന വിലാസത്തിൽ രജിസ്ട്രേഡ്/ സ്പീഡ് പോസ്റ്റ് മുഖേന അയക്കേണ്ടതാണ്.

ഒപ്പ്

**സെക്രട്ടറി**

ഡി.സി.എ പരീക്ഷാ ബോർഡ്/
എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരള

സ്വീകർത്താവ്,

1. ചീഫ് സൂപ്രണ്ടുമാർ
   ബന്ധപ്പെട്ട ഡി.സി.എ പരീക്ഷ കേന്ദ്രങ്ങൾ
2. ഓഫീസർ ഇൻ ചാർജ്ജുമാർ
   സ്കോൾ-കേരള

പകർപ്പ്,

സെക്രട്ടറി, സ്കോൾ-കേരള

എക്സിക്യൂട്ടീവ് ഡയറക്ടറുടെ പി.എ

ക്യാഷ് സെക്ഷൻ

എ1/ഓഡിറ്റ് സെക്ഷൻ

ഡി.സി.എ സെക്ഷൻ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി